മാധ്യമം

20 May 2017

## മൊത്ത മത്സ്യലഭ്യതയിൽ സംസ്ഥാനം നാലാം സ്ഥാനത്ത്

# കേരളത്തിൽ മത്തിയുടെ ലഭ്യതയിൽ വീണ്ടും ഇടിവ്



**കൊച്ചി:** രാജ്യത്താകെയും കേരളത്തിൽ പ്രത്യേകിച്ചും മത്തിയുടെ ലഭ്യതയിൽ വീണ്ടും കുറവ്. കഴിഞ്ഞ വർഷം ഇന്ത്യൻ തീരങ്ങളിൽനിന്ന് ലഭിച്ച മീനുകളുടെ അളവിൽ കേരളം നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2016ലെ സമുദ്ര മത്സ്യ ലഭ്യതയെക്കുറിച്ച് കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) തയാറാക്കിയ വാർഷിക പഠന റിപ്പോർട്ടിൽ സംസ്ഥാനത്ത് മത്തിക്ക് പുറമെ അയലയുടെ ലഭ്യതയിലും വൻതോതിൽ കുറവുണ്ടായതായി പറയുന്നു.

1998നുശേഷം കേരളത്തിൽ മത്തി ഇത്രയും കുറയുന്നത് ആദ്യമാണ്. മുൻ വർഷത്തെക്കാൾ 32.8 ശതമാനം കുറഞ്ഞ് 45,958 ടൺ മത്തിയാണ് കഴിഞ്ഞവർഷം ലഭിച്ചത്. 2015ൽ ഇത് 68,431 ആയിരുന്നു. 2015നെ അപേക്ഷിച്ച് കഴിഞ്ഞവർഷം അയലയുടെ ലഭ്യതയിൽ 33 ശതമാനം കുറവുണ്ടായതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 47,253 ടൺ അയലയാണ് കഴിഞ്ഞവർഷം കേരളത്തിൽ ലഭിച്ചത്.

തിരിയാൻ മത്സ്യമാണ് കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ ലഭിച്ചത്. രണ്ടാംസ്ഥാനത്ത് അയലയാണ്. സാധാരണയായി കൂടുതൽ കാണപ്പെടുന്ന കിളിമീനിന്റെ ലഭ്യതയിലും കുറവുണ്ടായിട്ടുണ്ട്.

മത്സ്യലഭ്യതയിൽ കേരളം ആദ്യമായാണ് നാലാംസ്ഥാനത്തേക്ക് പിന്തള്ളപ്പെടുന്നത്. ഗുജറാത്താണ് തുടർച്ചയായി നാലാംവർഷവും ഒന്നാംസ്ഥാനത്തുള്ളത് (7.74 ലക്ഷം ടൺ). തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളാണ് രണ്ടും മൂന്നും സ്ഥാനത്ത്. 5.23 ലക്ഷം ടൺ മത്സ്യമാണ് 2016ൽ കേരളതീരത്ത് ലഭിച്ചത്.

കേരളത്തിൽ കുറവുണ്ടായെങ്കിലും രാജ്യത്ത് ഏറ്റവും കൂടുതൽ ലഭിച്ചത് അയലയാണ്. മൊത്തം 2.49 ലക്ഷം ടൺ അയലയാണ് കഴിഞ്ഞവർഷം ഇന്ത്യയിൽ പിടിച്ചത്.

ഇന്ത്യയിൽ മൊത്തമായി കഴിഞ്ഞ വർഷത്തെ സമുദ്ര മത്സ്യലഭ്യത 3.63 ദശലക്ഷം ടൺ ആണ്. മുൻ വർഷത്തെ അപേക്ഷിച്ച് 6.6 ശതമാനമാണ് വർധന. സി.എം.എഫ്.ആർ.ഐ കഴിഞ്ഞ വർഷം പുതുതായി കണ്ടെത്തിയ പുള്ളിഅയല മത്സ്യം കേരള തീരങ്ങളിൽ മാത്രമാണ് ലഭിച്ചത്. ആയിരം ടൺ പുള്ളിഅയല കഴിഞ്ഞവർഷം ലഭിച്ചു.

സി.എം.എഫ്.ആർ.ഐയിലെ ഫിഷറീസ് റിസോഴ്സ് അസസ്മെൻറ് വിഭാഗമാണ് റിപ്പോർട്ട് തയാറാക്കിയത്. അമിത മത്സ്യബന്ധനവും വൻതോതിൽ ചെറുമീനുകളെ പിടിച്ചതുമാണ് മത്തിയുടെ കുറവിന് പ്രധാന കാരണമെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ചൂണ്ടിക്കാട്ടി.